# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 12 | 28.01.2019 ൽ മറുപടിക്ക്

## സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചരണം തടയുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. നൗഷാദ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ജെ. മാക്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സങ്കുചിതതാല്പര്യ സംരക്ഷണത്തിനായി വർഗ്ഗീയ വിഭജനം സാധ്യമാക്കുകയെന്ന ദ്രോഹബുദ്ധിയോടെ സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിനും ഇത്തരക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും പോലീസ് ജാഗ്രത പാലിക്കുന്നുണ്ടോ; | (എ) സങ്കുചിതതാല്പര്യ സംരക്ഷണത്തിനായി സമൂഹത്തെ വർഗ്ഗീയ അസ്വാസ്ഥ്യം സൃഷ്ടിക്കുന്നതിനും വിഭജിക്കുന്നതിനുമായി സാമൂഹ്യ മാധ്യമങ്ങൾ വഴി നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിന് പോലീസ് ജാഗ്രത പുലർത്തിവരുന്നതും ഇത്തരം കുറ്റകൃത്യങ്ങളിൽ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) നവോത്ഥാന മൂല്യങ്ങളെ പിന്തുണച്ചതിന്റെ പേരിൽ സാംസ്കാരിക മേഖലയിലെ പ്രമുഖരെയും പുരോഗമന സാമൂഹ്യപ്രവർത്തകരെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) നവോത്ഥാന മൂല്യങ്ങളെ പിന്തുണച്ചതിന്റെ പേരിൽ സാംസ്കാരിക മേഖലയിലെ പ്രമുഖരെയും പുരോഗമന സാമൂഹ്യപ്രവർത്തകരെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ അശ്ലീല പ്രയോഗങ്ങളിലൂടെ അവഹേളിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്നത് തടയുന്നതിനായി സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ഡോം എന്നിവ മുഖേന സാമൂഹ്യ മാധ്യമങ്ങളിലെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവാണ് നമ്മുടെ ഭരണഘടന. നമ്മുടെ രാജ്യത്ത് ജീവിക്കാനും വിദ്യാഭ്യാസം ചെയ്യാനും തൊഴിലെടുക്കാനും അഭിപ്രായങ്ങൾ പറയാനും സ്വാതന്ത്ര്യമനുഭവിക്കാനും സുരക്ഷിതരായിരിക്കാനുമൊക്കെയുള്ള |

അവകാശങ്ങൾ ഭരണഘടന നമുക്ക് ഉറപ്പുനൽകുന്നുണ്ട്. സാർവ്വലൗകികമായ ഉന്നത മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണത്. രണ്ടു നൂറ്റാണ്ടോളം നീണ്ട സ്വാതന്ത്ര്യ സമരത്തിലൂടെ നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെ മനുഷ്യാവകാശങ്ങളും പൗരധർമ്മങ്ങളും സ്വാംശീകരിച്ച് രൂപപ്പെടുത്തിയ ഇന്ത്യൻ ഭരണഘടന നിരവധി ചർച്ചകൾക്ക് ശേഷം അംഗീകരിക്കപ്പെട്ടതാണ്.

വ്യത്യസ്ത അഭിപ്രായങ്ങൾ പറയുന്നവരെ ആക്രമിക്കുന്ന രീതി അംഗീകരിക്കാനാവില്ല. അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുക തന്നെ ചെയ്യും. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ IPC, Information Technology Act 2000 പ്രകാരമുള്ള നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഭരണകർത്താക്കളെയും മറ്റും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ ജാതിപരാമർശം നടത്തുന്നവർക്കെതിരെ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഭരണകർത്താക്കളെയും മറ്റും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ ജാതിപരാമർശം നടത്തുന്നവർക്കെതിരെ നിലവിലെ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മുഖ്യമന്ത്രിയെ ജാതിപരാമർശം നടത്തി അധിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2 കേസുകളും ഇതു കൂടാതെ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് - നെ ജാതിപരാമർശം നടത്തി അധിക്ഷേപിച്ചതിന് ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ